LIBRARY ARCHIVES Kerala Legislative Assembly

വിജിലൻസ് കേസ് അന്വേഷണം നേരിടുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

267 (271) ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് കേസ് അന്വേഷണം നേരിടുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അന്വേഷണം നേരിടുന്ന കേസുകൾ ഏതൊക്കെയാണെന്നും പേരുവിവരങ്ങൾ സഹിതം വിശദമാക്കാമോ ?

ഉത്തരം

വിവരം അനുബന്ധമായി ചേർക്കുന്നു.

ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ കൈക്കൂലിക്കെതിരെയുള്ള നടപടി

268 (272) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ കൈക്കൂലി വാങ്ങിയതായി പരാതി ഉണ്ടായാൽ സർക്കാർ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ ; ഈ വ്യവസ്ഥകൾ ഒരു മന്ത്രിയ്ക്ക് ബാധകമാണോ ;

(ബി) ഈ സർക്കാർ, കൈക്കൂലി കുറ്റത്തിന് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയും സർവ്വീസിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്;

(സി) കൈക്കൂലി വാങ്ങിയതായി ആരോപിച്ചുകൊണ്ട് ഏതെല്ലാം മന്ത്രിമാർക്കെതിരെ പരാതിയുണ്ടായിട്ടുണ്ട്; ഏതെല്ലാം കേസ്സുകളിൽ ; ഏതെല്ലാം കേസ്സുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി ; എഫ്.ഐ.ആറിൽ ഒന്നാം പ്രതിയായ മന്ത്രി ഇപ്പോഴും മന്ത്രിസ്ഥാനത്ത് തുടരുന്നുണ്ടോ ;

(ഡി) ഈ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെയുണ്ടായിരുന്ന കേസുകൾ പിൻവലിച്ചിട്ടുണ്ട്; നിലവിൽ വിജിലൻസ് കേസുകൾ നേരിടുന്ന മന്ത്രിമാർ ആരെല്ലാം?

ഉത്തരം

(എ) പരാതികളിൽ കഴമ്പുണ്ടോ എന്നുള്ള പ്രാഥമിക അന്വേഷണം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തി പരാതിയിൽ കഴമ്പുണ്ടെങ്കിൽ കേസ് രജിസ്റ്റർ ചെയ്യാൻ ശിപാർശ ചെയ്യും. ഇതിൽ എല്ലാ പൗരന്മാരും ഉൾപ്പെടും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് 121 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 86 പേരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്.

(സി) കൈക്കൂലി വാങ്ങിയ ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. എം. മാണി (ധനകാര്യ വകുപ്പുമന്ത്രി)- ക്കെതിരെ വി.സി.6/2014/എസ്.ഐ.യു. -I എന്ന കേസ് നിലവിലുണ്ട്. ശ്രീ. കെ. ബാബു (എക്സൈസ് വകുപ്പുമന്ത്രി)-വിനെതിരെ ശ്രീ. ബിജു രമേശ് കോടതിയിൽ നൽകിയ 164 സ്റ്റേറ്റ്മെന്റിൽ കൈക്കൂലി വാങ്ങിയതായി പരാമർശമുണ്ടായിരുന്നു. ഇതിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നു.

(ഡി) കേസുകൾ ഒന്നുംതന്നെ പിൻവലിച്ചിട്ടില്ല. നിലവിൽ ശ്രീ. അടൂർ പ്രകാശ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി എന്നിവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലർക്കെതിരെയുള്ള വിജിലൻസ് കേസ്സ്

269 (273) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസിലർ, പ്രൊ.-വൈസ്-ചാൻസിലർ എന്നിവരടക്കം 4 പേർക്കെതിരെ കഴിക്ക് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർവ്വകലാശാലയുടെ ഉന്നതസ്ഥാനത്തിരിക്കുന്ന വൈസ് ചാൻസിലർ, പ്രൊ.-വൈസ്-ചാൻസിലർ എന്നിവർക്കെതിരെയുള്ള ആരോപണം എന്തായിരുന്നു ; ഇത് സംബന്ധിച്ച വിശദാംശം നല്കുമോ ;

(സി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി, കാലിക്കറ്റ്-യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃപരീക്ഷ നടത്തിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 14-5-2015-ന് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (വി.സി.21/2015/എം.പി.എം.)

(സി) PC Act 13 (1) @ (d) r/w 13 (2)-ഉം IPC 120 (B) 409 പ്രകാരവുമാണ് പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly